പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 363 08.02.2016-ൽ മറുപടിക്ക്

## ജൻറം ബസ്സുകൾക്കായി പുതിയ കോർപ്പറേഷൻ

ചോദ്യം

ശ്രീ. വർക്കല കഹാർ :
,, അൻവർ സാദത്ത് :
,, ആർ. സെൽവരാജ് :
,, തേറമ്പിൽ രാമകൃഷ്ണൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജൻറം ബസ്സുകൾക്കായി പുതിയ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | ജൻറം പദ്ധതി പ്രകാരം പുതിയ ബസുകൾ ലഭിക്കുന്നതിനും ടി ബസുകളുടെ സർവീസ് നടത്തിപ്പിനും പരിപാലനത്തിനുമായി ഒരു പ്രത്യേക 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' രൂപീകരിക്കണമെന്ന കേന്ദ്ര സർക്കാർ നിബന്ധനയുള്ളതിനാലാണ് പുതിയതായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി) രൂപീകരിച്ചത്. |
| (സി) | ഇതിന്റെ പ്രവർത്തനത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) | കെ.യു.ആർ.റ്റി.സി.യ്ക്കായി പ്രത്യേക ഭരണ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള കെ.എസ്.ആർ.റ്റി.സി ബോർഡ് അംഗങ്ങളിൽ തൊഴിലാളി പ്രതിനിധിയായ ഭരണസമിതി മെമ്പർ ഒഴികെ എല്ലാവരും കെ.യു.ആർ.റ്റി.സി.യിലും ഭരണസമിതി അംഗങ്ങളാണ്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയും ടി ഭരണസമിതി അംഗമാണ്. കെ.എസ്.ആർ.റ്റി.സി.യിലെ ഉന്നത ഉദ്യോഗസ്ഥർ കെ.യു.ആർ.റ്റി.സി.യുടെയും ഉന്നത ഉദ്യോഗസ്ഥരാണ്. കെ.യു.ആർ.റ്റി.സി. യുടെ കേന്ദ്ര ഓഫീസ് എറണാകുളത്തെ തേവരയിലാണ് പ്രവർത്തിക്കുന്നത്. ടി |

| | | | |
|---|---|---|---|
| | | | ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾ ഒരു സ്പെഷ്യൽ ഓഫീസറുടെ ചുമതലയിൽ അനുബന്ധ ഉദ്യോഗസ്ഥരിലൂടെ നടത്തി വരുന്നു. യൂണിറ്റ്തല സർവ്വീസ് ഓപ്പറേഷൻ നടത്തുന്നത് കെ.എസ്.ആർ.റ്റി.സി. ഉദ്യോഗ സ്ഥരിലൂടെയാണ്. വരവ്-ചെലവ് കണക്കു കൾ പ്രത്യേകമായി എടുക്കുന്നു. പ്രത്യേകം ബാങ്ക് അക്കൗണ്ടിലാണ് പണം അടയ്ക്കുന്ന ത്. കമ്പ്യൂട്ടർ വഴിയുള്ള റിസർവേഷൻ, വെബ് സൈറ്റ് എന്നിവയും പ്രത്യേകമാണ്. |

സെക്ഷൻ ഓഫീസർ